പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 310

# 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 310

# 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

183/2010.

# 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്ക് വേണ്ടി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി ഒന്നാം സംവത്സരത്തിൽ ഇനിപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008, ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (എ) ഖണ്ഡം (എഎ) ഖണ്ഡമായി അക്കമിടേണ്ടതും അപ്രകാരം പുനരക്കമിട്ട (എഎ) ഖണ്ഡത്തിന് മുന്നിലായി, ഇനിപറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(എ) "യഥാർത്ഥ പ്രാക്ടീസ്" എന്നാൽ ഒരു അഭിഭാഷകന്റെ വൃത്തി നടത്തുന്നതും 1961-ലെ അഭിഭാഷക ആക്റ്റിൽ (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) സീനിയർ അഭിഭാഷകർ ഒഴികെയുള്ള അഭിഭാഷകരുടെ സംഗതിയിൽ ഏറ്റവും കുറഞ്ഞത് 5 വക്കാലത്തുകളെങ്കിലും പ്രതിവർഷം ഫയൽ ചെയ്തിട്ടുള്ളതും എന്നർത്ഥമാകുന്നു ;";

(ii) അപ്രകാരം പുനരക്കമിട്ട (എഎ) ഖണ്ഡത്തിന്റെ അവസാന ഭാഗത്ത് "അഭിഭാഷകരുടെ സംസ്ഥാന പട്ടികയിൽ പേര് ചേർത്തിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു" എന്ന വാക്കുകൾക്കു പകരം "അഭിഭാഷകരുടെ സംസ്ഥാന പട്ടികയിൽ പേര് ചേർത്തിട്ടുള്ളതും ബാർ അസ്സോസിയേഷനിൽ അംഗവുമായ ഒരാൾ എന്നർത്ഥമാകുന്നു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iii) (ഡി) ഖണ്ഡത്തിൽ,—

(എ) "അയാൾ വിരമിച്ചതുകൊണ്ടോ" എന്ന വാക്കുകൾക്കു മുൻപ്, "ഒരു അഭിഭാഷകന്റെ വൃത്തി നടത്തിക്കൊണ്ടു പോകുന്നതിന് മാറാത്ത രോഗപീഡ അയാളെ ശാശ്വതമായി കഴിവില്ലാതാക്കുന്നതു കാരണം" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ് ; കൂടാതെ

(ബി) "മരണപ്പെട്ടതുകൊണ്ടോ" എന്ന വാക്കിന് പകരം "പതിനഞ്ചു വർഷത്തെ തുടർച്ചയായ അംഗത്വത്തിന്റെ പൂർത്തീകരണം കൊണ്ടോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (ഡി) ഖണ്ഡത്തിനുശേഷം ഇനിപറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(ഡിഡി) "മാറാത്ത രോഗപീഡ" എന്നാൽ ഒരു അഭിഭാഷകന് തന്റെ വൃത്തിപരമായ പ്രാക്ടീസ് ശാശ്വതമായി തുടരുവാൻ കഴിവില്ലാതാക്കുന്ന ശാരീരികമോ മാനസികമോ ആയ രോഗപീഡ എന്നർത്ഥമാകുന്നു".

3. <u>3-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, (കെ) ഖണ്ഡത്തിന് ശേഷം ഇനിപറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(l) കേരള ബാർ കൗൺസിൽ ചട്ടങ്ങളിലെ അദ്ധ്യായം 5-ലെ 4-ാം ചട്ടത്തിലെ ഇനം (എ) പ്രകാരം തിരിച്ചു കൊടുത്ത തുക.".

4. <u>9-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 9-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, (ജി) ഖണ്ഡത്തിന് ശേഷം, ഇനിപറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(ജിജി) ട്രസ്റ്റീ കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെടുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിയ ശേഷം, നിധിയിലെ അംഗങ്ങൾക്ക് ഫോട്ടോ പതിച്ച പാസ്സ് ബുക്ക് വിതരണം ചെയ്യുകയും.".

5. <u>11-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 11-ാം വകുപ്പ് (എച്ച്) ഖണ്ഡത്തിന് ശേഷം ഇനിപറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(എച്ച്എച്ച്) കാലാകാലങ്ങളിൽ, ട്രസ്റ്റീ കമ്മിറ്റി നിശ്ചയിക്കപ്പെടുന്ന അങ്ങനെയുള്ള ചാർജുകൾ നൽകുന്നതിന്മേൽ അംഗങ്ങൾക്ക് അസ്സൽ അംഗത്വ സർട്ടിഫിക്കറ്റിന് പകരം ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതും ;".

6. <u>14-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 14-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുശേഷം, ഇനിപറയുന്ന ഉപവകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(3) 15-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വരിസംഖ്യകൾ എല്ലാ ബാർ അസ്സോസിയേഷനും സജീവ പ്രാക്ടീസ് ഉള്ള അതിന്റെ അംഗങ്ങളിൽ നിന്നും സ്വീകരിച്ച് ആയത് ഉടൻതന്നെ നിധിയിലേക്ക് അടയ്ക്കേണ്ടതാണ്.

(4) 15-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലുള്ള ശുപാർശ സർട്ടിഫിക്കറ്റുകൾ, എല്ലാ ബാർ അസ്സോസിയേഷനും അതിലെ അംഗങ്ങൾ അതിനായി അഭ്യർത്ഥിക്കുമ്പോൾ നൽകേണ്ടതാണ് :

എന്നാൽ ആ അംഗം ഒരു അഭിഭാഷകനായി സജീവ പ്രാക്ടീസ് ചെയ്തു കൊണ്ടിരിക്കുന്നുവെന്ന് അസ്സോസിയേഷന് ബോദ്ധ്യപ്പെടാത്തപക്ഷം, ഏതെങ്കിലും ശുപാർശ സർട്ടിഫിക്കറ്റ് ബാർ അസ്സോസിയേഷൻ നൽകുവാൻ പാടുള്ളതല്ല.".

7. 15-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,—

(i) (1എ) ഉപവകുപ്പിൽ "റിട്ടയർ ചെയ്തതിനുശേഷം" എന്ന വാക്കുകൾക്ക് പകരം "റിട്ടയർ ചെയ്യുകയോ രാജിവയ്ക്കുകയോ ചെയ്തതിനുശേഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (1എ) ഉപവകുപ്പിനുശേഷം, ഇനിപറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(1ബി) നിധിയിൽ നിന്നും വിരമിക്കൽ ആനുകൂല്യം കൈപ്പറ്റിയ ഒരാളെ നിധിയിൽ അംഗമായി വീണ്ടും ചേർക്കുവാൻ പാടുള്ളതല്ല.";

(iii) (3)-ാം ഉപവകുപ്പിൽ "മുന്നൂറ്" എന്ന വാക്കുകൾക്ക് പകരം "അഞ്ഞൂറ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (5)-ാം ഉപവകുപ്പിനുപകരം ഇനിപറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(5) ഓരോ അംഗവും ഫണ്ടിലേക്കുള്ള വാർഷിക വരിസംഖ്യ എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനുമുൻപോ ഇനിപറയുന്ന നിരക്കുകളിൽ നൽകേണ്ടതാണ്, അതായത് :—

| | | |
|---|---|---|
| (i) | അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ചു വർഷത്തിൽ കുറവാണെങ്കിൽ | മുന്നൂറ് രൂപ |
| (ii) | അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ചു വർഷവും അതിലധികവുമോ എന്നാൽ പത്തു വർഷത്തിൽ കുറവോ ആണെങ്കിൽ | എഴുന്നൂറ്റി അൻപത് രൂപ |
| (iii) | അഭിഭാഷകന്റെ ബാറിലെ സേവനകാലം പത്തു വർഷവും അതിലധികവുമോ എന്നാൽ പതിനഞ്ചു വർഷത്തിൽ കുറവോ ആണെങ്കിൽ | ആയിരത്തി അഞ്ഞൂറ് രൂപ |
| (iv) | അഭിഭാഷകന്റെ ബാറിലെ സേവനകാലം പതിനഞ്ചു വർഷവും അതിലധികവുമോ എന്നാൽ ഇരുപതു വർഷത്തിൽ കുറവോ ആണെങ്കിൽ | രണ്ടായിരം രൂപ |

| | | |
|---|---|---|
| (v) | അഭിഭാഷകന്റെ ബാറിലെ സേവനകാലം ഇരുപതു വർഷവും അതിലധികവുമോ എന്നാൽ ഇരുപത്തിയഞ്ചു വർഷത്തിൽ കുറവോ ആണെങ്കിൽ | രണ്ടായിരത്തി അഞ്ഞൂറ് രൂപ |
| (vi) | ഇരുപത്തിയഞ്ചു വർഷവും അതിലധികവും | : മൂവായിരം രൂപ |

എന്നാൽ 1961-ലെ അഭിഭാഷക ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) പ്രകാരം, സീനിയർ അഭിഭാഷകനായി പദവി നൽകപ്പെട്ടിട്ടുള്ള ഒരു അഭിഭാഷകൻ, അയ്യായിരം രൂപ നിരക്കിൽ വാർഷിക വരിസംഖ്യ നൽകേണ്ടതാണ്." ;

(v) പ്രധാന ആക്റ്റിലെ (5)-ാം ഉപവകുപ്പിനുശേഷം, ഇനിപറയുന്ന ഉപവകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(6) (5)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന തുക, അംശദായം നൽകുന്ന ആൾ അംഗമായിട്ടുള്ള ബാർ അസ്സോസിയേഷൻ മുഖാന്തിരമോ ബന്ധപ്പെട്ട ബാർ അസ്സോസിയേഷനിൽ നിന്നുള്ള ഒരു ശുപാർശ കത്ത് സഹിതം നേരിട്ടോ നിധിയിലേക്ക് നൽകേണ്ടതാണ്.

(6എ) നിധിയിലെ എല്ലാ അംഗങ്ങളും ഓരോ വർഷവും, വരിസംഖ്യ തുകയോടൊപ്പം, അയാൾ സജീവ പ്രാക്ടീസിലാണെന്നും, യാതൊരു മറ്റ് ഉദ്യോഗവും ചെയ്യുന്നില്ലെന്നും, മറ്റ് ഏതെങ്കിലും വൃത്തിയിൽ അല്ലെങ്കിൽ തൊഴിലിൽ ഏർപ്പെട്ടിട്ടില്ലെന്നും ഉള്ള ഒരു പ്രഖ്യാപനം, അതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ, ട്രസ്റ്റീ കമ്മിറ്റി മുൻപാകെ ഹാജരാക്കേണ്ടതാണ്." ;

(vi) (7)-ാം ഉപവകുപ്പിൽ "ഓരോ മാസത്തേക്ക് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന്, അഞ്ചു രൂപാ നിരക്കിൽ" എന്ന വാക്കുകൾക്കു പകരം "പ്രതിവർഷം പന്ത്രണ്ടു ശതമാനം നിരക്കിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(vii) (12)-ാം ഉപവകുപ്പിനുശേഷം ഇനിപറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(13) സ്വേച്ഛയാൽ തന്റെ അംഗത്വം സസ്പെൻഡ് ചെയ്യുകയും ബാർ കൗൺസിൽ മുൻപാകെ ഒരു അഭിഭാഷകനായി തന്റെ പ്രാക്ടീസ് പുനരാരംഭിക്കുകയും ചെയ്തിട്ടുള്ള ഒരംഗത്തിന് പുനരാരംഭിക്കൽ ചാർജ്ജായി രണ്ടായിരം രൂപ നൽകുന്ന തിന്മേൽ നിധിയിൽ തന്റെ അംഗത്വം വീണ്ടെടുക്കാവുന്നതാണ്.".

8. 16-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിനുപകരം, ഇനിപറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(1) നിധിയിലെ ഒരംഗത്തിന്, പ്രാക്ടീസ് നിർത്തലാക്കിയാൽ 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റിന്റെ (2010-ലെ...............) പ്രാരംഭം വരെ പ്രാക്ടീസ് പൂർത്തിയാക്കിയ ഓരോ വർഷത്തിനും, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലുള്ള ഒരു തുകയും, അതിനുശേഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ

വർഷത്തിനും, പതിനാലായിരത്തി ഇരുനൂറ്റി എൺപത്തിയഞ്ച് രൂപ എന്ന നിരക്കിൽ പരമാവധി മൊത്തം തുക അഞ്ച് ലക്ഷം രൂപയ്ക്ക് വിധേയമായി, നിധിയിൽ നിന്നും സ്വീകരിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ് :

എന്നാൽ ഒരംഗം നിധിയിൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കുന്നതിനുമുൻപ്, വിരമിക്കൽ ആനുകൂല്യങ്ങൾ തെരഞ്ഞെടുത്താൽ, മാറാത്ത രോഗപീഡമൂലം പ്രാക്ടീസ് നിർത്തുന്നതൊഴികെയുള്ള സംഗതികളിൽ, നിധിയിലേക്ക് അയാൾ അടച്ച മൊത്തം വരിസംഖ്യയും, അതിന്റെ ആറ് ശതമാനം നിരക്കിൽ പലിശയും സഹിതം കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.";

(ii) (2എ) ഉപവകുപ്പിൽ "അല്ലെങ്കിൽ രണ്ടുലക്ഷം രൂപയുടെ തുക ഇതിൽ ഏതാണോ കൂടുതൽ അത്" എന്ന വാക്കുകൾക്കുശേഷം "2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റിന്റെ (2010-ലെ..........) പ്രാരംഭം വരെ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും, അതിനുശേഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും, പതിനാലായിരത്തി ഇരുന്നൂറ്റി എൺപത്തിയഞ്ച് രൂപ എന്ന നിരക്കിൽ പരമാവധി മൊത്തം തുക അഞ്ച് ലക്ഷം രൂപയ്ക്ക് വിധേയമായി" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ് ;

(iii) (4)-ാം ഉപവകുപ്പിന്റെ (i)-ാം ഖണ്ഡത്തിൽ "(1)-ാം ഉപവകുപ്പിന്" എന്ന വാക്കിനും, ബ്രായ്ക്കറ്റുകൾക്കും അക്കത്തിനും പകരം "(1)-ഉം (2)-ഉം ഉപവകുപ്പുകൾക്ക്" എന്ന വാക്കുകളും ബ്രായ്ക്കറ്റുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

(iv) (5)-ഉം (5എ)-ഉം ഉപവകുപ്പുകൾ വിട്ടുകളയേണ്ടതാണ് ;

(v) (7)-ാം ഉപവകുപ്പിനുശേഷം, ഇനിപറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(8) ക്ഷേമനിധി ആനുകൂല്യങ്ങൾ മുഴുവനായും സ്വീകരിച്ച ആൾ പിന്നീട് കേരളത്തിലെ ബാർ കൗൺസിൽ ചട്ടങ്ങളിലെ 5-ാം അദ്ധ്യായം 4-ാംചട്ടം (എ) ഇനപ്രകാരം ആ തുക ക്ഷേമനിധിയിൽ പലിശയോടുകൂടി തിരിച്ചടച്ചാൽ, അയാൾ പ്രാക്ടീസ് അവസാനിപ്പിക്കുകയോ മരിക്കുകയോ ചെയ്താൽ തിരിച്ചടച്ച തീയതി മുതൽ ആറ് ശതമാനം പലിശയോടുകൂടി അങ്ങനെയുള്ള തുക അയാൾക്ക് തിരികെ കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ് :

എന്നാൽ തുക തിരിച്ചടയ്ക്കുന്ന ആൾ മരണപ്പെട്ടാൽ തുക അദ്ദേഹം നാമനിർദ്ദേശം ചെയ്ത ആൾക്കോ നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഇല്ലായെങ്കിൽ അയാളുടെ നിയമാനുസൃതമായ അവകാശികൾക്കോ നൽകേണ്ടതാണ്.".

9. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പ് (ബി) ഖണ്ഡത്തിൽ "ഫണ്ടിലെ അംഗങ്ങൾക്കും അവരുടെ ആശ്രിതർക്കും" എന്ന വാക്കുകൾക്ക് പകരം "ഫണ്ടിലെ അംഗങ്ങൾക്ക് പരമാവധി തുക അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 22-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അഞ്ച് രൂപയുടെയും പത്ത് രൂപയുടെയും" എന്ന വാക്കുകൾക്ക് പകരം, "പതിനഞ്ച് രൂപയുടെയും ഇരുപത്തിയഞ്ച് രൂപയുടെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (4)-ാം ഉപവകുപ്പിൽ, "ബാർ അസ്സോസിയേഷനുകൾവഴി" എന്ന വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ ഈ ആവശ്യത്തിലേക്ക് ബാർ കൗൺസിൽ സ്ഥാപിച്ച ഔട്ട്‌ലെറ്റുകൾവഴി" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

11. 23-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) "ഫണ്ടിലെ ഒരംഗമായ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ii) "പതിനഞ്ച് രൂപ"യും "പത്ത് രൂപ"യും എന്നീ വാക്കുകൾക്ക് പകരം "ഇരുപത്തിയഞ്ച് രൂപ"യും "പതിനഞ്ച് രൂപ"യും എന്നീ വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ് ;

(iii) നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, ഇനിപറയുന്ന ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"എന്നിരുന്നാലും യാതൊരു കോടതിയോ ട്രിബ്യൂണലോ മറ്റ് അധികാരസ്ഥാനമോ ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഏതെങ്കിലും വക്കാലത്തിൽ അപ്രകാരം സ്റ്റാമ്പ് ഒട്ടിച്ചിട്ടില്ലെങ്കിൽ സ്വീകരിക്കാൻ പാടില്ലാത്തതും, ഏതെങ്കിലും ആൾ നിധിക്ക് നഷ്ടം വരുത്തുന്നതിന് ഉത്തരവാദിയാണെന്ന് കാണുകയാണെങ്കിൽ അയാളെ അങ്ങനെയുള്ള നഷ്ടം നികത്തുന്നതിന് ബാദ്ധ്യസ്ഥനാക്കപ്പെടുന്നതുമാണ്.".

12. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 3), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ക്ഷേമനിധിയിലെ ഒരംഗത്തിന് നൽകാവുന്ന തുക, നിലവിലുള്ള മൂന്നുലക്ഷം രൂപയിൽ നിന്നും അഞ്ചു ലക്ഷം രൂപയായി ഉയർത്തുന്നതിനുവേണ്ടി 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് (1980-ലെ 21) ഭേദഗതി ചെയ്യുന്നതിനുവേണ്ടി കേരള ബാർ കൗൺസിൽ, ആൾ കേരള ലാ ഗ്രാഡുവേറ്റ്സ് അസ്സോസിയേഷൻ, ആൾ ഇന്ത്യ ലായേഴ്സ് യൂണിയന്റെ കേരള സംസ്ഥാന കമ്മിറ്റി, ചേർത്തല ബാർ അസ്സോസിയേഷൻ, ഭാരതീയ അഭിഭാഷക പരിഷത്ത് എന്നിവർക്ക് പുറമെ കുറെ വ്യക്തികളും സർക്കാരിന്റെ മുമ്പാകെ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുള്ളതാണ്.

2. അതനുസരിച്ച്, നിധിയിലെ ഒരംഗത്തിന് നൽകാവുന്ന തുക, മൊത്തം പരമാവധി തുക അഞ്ചു ലക്ഷം എന്നതിനു വിധേയമായി, പ്രാക്ടീസ് പൂർത്തിയാക്കിയ ഓരോ മുഴുവൻ വർഷത്തിനും പതിനാലായിരത്തി ഇരുനൂറ്റി എൺപത്തിയഞ്ച് രൂപ നിരക്കിൽ വർദ്ധിപ്പിക്കുന്നതിനും അംഗത്വം പതിനഞ്ച് വർഷം പൂർത്തിയാവുന്നതിനുമുമ്പ്

വിരമിക്കൽ തെരഞ്ഞെടുക്കുന്നവർക്ക്, ഒരംഗം, താൻ നിധിയിലേക്ക് അടച്ച ആകെ തുകയും അതിന് ആറ് ശതമാനം നിരക്കിൽ വാർഷിക പലിശയും സഹിതമുള്ള മൊത്തം തുകയ്ക്ക് ആ അംഗത്തെ യോഗ്യനാക്കുന്നതിനും, വ്യവസ്ഥ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

3. സാദ്ധ്യതയുള്ള ചെലവ് വഹിക്കുന്നതിനും, അധിക ഫണ്ട് സമാഹരിക്കുന്നതിനുമായി നിധിയിലേക്കുള്ള അംഗങ്ങളുടെ വരിസംഖ്യാനിരക്കും വക്കാലത്തിൽ ഒട്ടിക്കുന്ന അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യവും വർദ്ധിപ്പിക്കുന്നതിനും കൂടി സർക്കാർ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2008-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, 2008, ജൂൺ 10-ാം തീയതി ഗവർണ്ണർ, വിളംബരപ്പെടുത്തുകയും ആയത് 2008-ലെ 18-ാം നമ്പർ ഓർഡിനൻസായി 2008, ജൂൺ 10-ാം തീയതിയിലെ 1164-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള സംസ്ഥാന നിയമസഭയുടെ എട്ടാം സമ്മേളന കാലത്ത് അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാതിരുന്നതിനാൽ, 2008-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2008, ആഗസ്റ്റ് 1-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2008-ലെ 28-ാം നമ്പർ ഓർഡിനൻസായി 2008, ആഗസ്റ്റ് 2-ാം തീയതിയിലെ 1671-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള സംസ്ഥാന നിയമസഭയുടെ ഒൻപതാം സമ്മേളന കാലത്ത് അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാതിരുന്നതിനാൽ, 2009-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, 2009 ജനുവരി 3-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2009-ലെ 4-ാം നമ്പർ ഓർഡിനൻസായി 2009 ജനുവരി 5-ാം തീയതിയിലെ 32-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള സംസ്ഥാന നിയമസഭയുടെ പത്താം സമ്മേളന കാലത്ത് അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാതിരുന്നതിനാൽ, 2009-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, 2009 മാർച്ച് 26-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2009-ലെ 10-ാം നമ്പർ ഓർഡിനൻസായി 2009 മാർച്ച് 26-ാം തീയതിയിലെ 677-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള സംസ്ഥാന നിയമസഭയുടെ പതിനൊന്നാം സമ്മേളനക്കാലത്ത് അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാതിരുന്നതിനാൽ,

2009-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, 2009 ആഗസ്റ്റ് 1-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2009-ലെ 16-ാം നമ്പർ ഓർഡിനൻസായി 2009, ആഗസ്റ്റ് 1-ാം തീയതിയിലെ 1411-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള സംസ്ഥാന നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനക്കാലത്ത് അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാതിരുന്നതിനാൽ, 2009-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, 2009 ഒക്ടോബർ 19-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2009-ലെ 23-ാം നമ്പർ ഓർഡിനൻസായി 2009, ഒക്ടോബർ 19-ാം തീയതിയിലെ 1922-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള സംസ്ഥാന നിയമസഭയുടെ പതിമൂന്നാം സമ്മേളനക്കാലത്ത് അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിയാതിരുന്നതിനാൽ, 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്, 2010 ജനുവരി 15-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010-ലെ 3-ാം നമ്പർ ഓർഡിനൻസായി 2010, ജനുവരി 16-ാം തീയതിയിലെ 126-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എം. വിജയകുമാർ

(ശരിത്തർജ്ജമ)

## 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽനിന്നുള്ള പ്രസക്ത ഭഗങ്ങൾ
## (1980-ലെ 21)

** ** **

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അഭിഭാഷകൻ" എന്നാൽ 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) 17-ാം വകുപ്പുപ്രകാരം കേരള ബാർ കൗൺസിൽ തയ്യാറാക്കിയതും വച്ചു പോരുന്നതുമായ അഭിഭാഷകരുടെ സംസ്ഥാന പട്ടികയിൽ പേര് ചേർത്തിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു.

** ** **

(ഡി) "പ്രാക്ടീസ് നിർത്തലാക്കൽ" എന്നതിന് ബാർ കൗൺസിൽ വച്ചുപോരുന്ന സംസ്ഥാന പട്ടികയിൽനിന്നും ഒരു അഭിഭാഷകന്റെ പേര് അയാൾ വിരമിച്ചതുകൊണ്ടോ മരണപ്പെട്ടതുകൊണ്ടോ നീക്കം ചെയ്യുക എന്നർത്ഥമാകുന്നതും, അതിൽ ഇന്ത്യൻ ഭരണ ഘടനയുടെ 220-ാം അനുഛേദത്തിന്റെയോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന്റെയോ കീഴിൽ ഒരംഗത്തിന് സംസ്ഥാനത്ത് പ്രാക്ടീസ് ചെയ്യുന്നതിന് ഏതെ ങ്കിലും അവകാശമില്ലാതാകുന്നത് ഉൾപ്പെടുന്നതുമാണ്.

(ഇ) "ആശ്രിതർ" എന്നാൽ ഭാര്യയോ, ഭർത്താവോ, അച്ഛനോ, അമ്മയോ, പുത്ര ന്മാരോ, പുത്രിമാരോ അല്ലെങ്കിൽ അവരിൽ അതുപോലെ ജീവിച്ചിരിക്കുന്നവരോ എന്നും അർത്ഥമാകുന്നു.

** ** **

3. അഭിഭാഷക ക്ഷേമനിധി.—(1) അഭിഭാഷകക്ഷേമനിധി എന്നു പേർ പറയുന്ന ഒരു ഫണ്ട് സർക്കാർ ഏർപ്പെടുത്തേണ്ടതാണ്.

(2) ആ ഫണ്ടിൽ—

(എ) 12-ാം വകുപ്പിൻകീഴിൽ ബാർ കൗൺസിൽ കൊടുത്തിട്ടുള്ള എല്ലാ തുകകളും ;

** ** **

(കെ) 15-ാം വകുപ്പിൻകീഴിൽ അപേക്ഷാഫീസും വാർഷിക വരിസംഖ്യയും ഇനത്തിൽ പിരിച്ച എല്ലാ സംഖ്യയും അതിന്റെ പലിശയും ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള തുകകൾ, അതതു ഏജൻസികൾക്ക് അങ്ങനെയുള്ള ഇടവേളകളിൽ അങ്ങനെയുള്ള രീതിയിൽ കൊടുക്കുകയോ അവർ പിരിക്കുകയോ ചെയ്യേണ്ടതും ഫണ്ടിന്റെ കണക്കുകൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിധത്തിൽ വച്ചുപോരേണ്ടതുമാണ്.

** ** **

9. ട്രസ്റ്റീ കമ്മിറ്റിയുടെ ചുമതലകൾ.—(1) ട്രസ്റ്റീ കമ്മിറ്റി ഫണ്ട് കൈകാര്യം ചെയ്യേണ്ടതാണ്.

(2) ഫണ്ടിന്റെ നടത്തിപ്പിൽ ട്രസ്റ്റീ കമ്മിറ്റി ഈ ആക്ടിലേയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) ട്രസ്റ്റിൽ ഫണ്ടിനവകാശപ്പെട്ട തുകകളും ആസ്തിയും കൈവശം വയ്ക്കുകയും :

** ** **

(ജി) ഫണ്ടിലേക്കുള്ള പ്രവേശനത്തിനോ പുനഃപ്രവേശനത്തിനോ അഥവാ ഫണ്ടുകൊണ്ടുള്ള ഗുണത്തിലേക്കായുള്ള അവകാശത്തിനോ വേണ്ടിയുള്ള അപേക്ഷകളിൻമേലുള്ള ട്രസ്റ്റീ കമ്മിറ്റിയുടെ തീരുമാനങ്ങൾ അപേക്ഷകരെ പറ്റുശീട്ടോടുകൂടി രജിസ്റ്റർ ചെയ്ത് തപാൽ മാർഗ്ഗം അറിയിക്കുകയും ;

(എച്ച്) ഈ ആക്റ്റിന്റെയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളുടേയും കീഴിൽ ചെയ്യുന്നതോ, ചെയ്യേണ്ടതോ, ചെയ്യപ്പെടേണ്ടതോ ആയ അങ്ങനെയുള്ള നടപടികൾ നടത്തുകയും ചെയ്യേണ്ടതാകുന്നു.

** ** **

11. സെക്രട്ടറിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ട്രസ്റ്റീ കമ്മിറ്റിയുടെ സെക്രട്ടറി—

(എ) ട്രസ്റ്റീ കമ്മിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് അധികാരസ്ഥൻ ആയിരിക്കുകയും അതിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ ചുമതലപ്പെട്ടവനും ആയിരിക്കുന്നതും ;

** ** **

(എച്ച്) സ്റ്റാമ്പിനെ സംബന്ധിച്ച് ബാർ അസോസിയേഷനുകളുടെ അക്കൗണ്ടുകളും രജിസ്റ്ററുകളും കാലാകാലങ്ങളിൽ പരിശോധിക്കുകയും ഒത്തു നോക്കുകയും ;

(ഐ) ഓരോ സാമ്പത്തിക വർഷവും ട്രസ്റ്റീ കമ്മിറ്റി നടത്തിയ വ്യാപാര ഇടപാടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ;

** ** **

14. <u>ബാർ അസ്സോസിയേഷനുകളുടെ കർത്തവ്യങ്ങൾ</u>.—(1) ഓരോ ബാർ അസോസിയേഷനും ഓരോ വർഷവും ഏപ്രിൽ 15-ാം തീയതിയോ അതിന് മുൻപോ ആ വർഷത്തിലെ മാർച്ച് 31-ാം തീയതി വരെയുള്ള അതിന്റെ അംഗങ്ങളുടെ ഒരു ലിസ്റ്റ് ബാർ കൗൺസിലിനെ അറിയിക്കേണ്ടതാണ്.

(2) ഓരോ ബാർ അസോസിയേഷനും—

(എ) സംഘടനയിലുള്ള ഔദ്യോഗിക ഭാരവാഹികളുടെ ഏതെങ്കിലും മാറ്റം അങ്ങനെയുള്ള മാറ്റം മുതൽ പതിനഞ്ചു ദിവസങ്ങൾക്കുള്ളിലും ;

(ബി) പ്രവേശനവും പുനഃപ്രവേശനവും ഉൾപ്പെടെ അംഗത്വത്തിലുണ്ടാകുന്ന ഏതെങ്കിലും മാറ്റം അങ്ങനെയുള്ള മാറ്റം സംഭവിച്ച് മുപ്പത് ദിവസത്തിനുള്ളിലും ;

(സി) ഏതെങ്കിലും അംഗങ്ങളുടെ മരണം, വിരമിക്കൽ, സ്വമേധയായുള്ള പ്രാക്റ്റീസ് നിർത്തിവയ്ക്കൽ എന്നിവ സംഭവിക്കുന്ന ദിവസം മുതൽ മുപ്പത് ദിവസങ്ങൾക്കുള്ളിലും ;

(ഡി) അതതു സമയങ്ങളിൽ ബാർ കൗൺസിൽ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള മറ്റു സംഗതികളും ബാർ കൗൺസിലിനെ അറിയിക്കേണ്ടതാണ്.

15. <u>ഫണ്ടിലെ അംഗത്വം</u>.—(1) സംസ്ഥാനത്തെ ഏതെങ്കിലും കോടതിയിൽ പ്രാക്റ്റീസ് ചെയ്യുന്നതും ബാർ കൗൺസിൽ അംഗീകരിച്ച ഒരു ബാർ അസ്സോസിയേഷനിലെ അംഗവുമായ ഏതൊരഭിഭാഷകനും ഫണ്ടിലെ അംഗത്വത്തിനുള്ള പ്രവേശനത്തിന് ട്രസ്റ്റീ കമ്മിറ്റിക്ക് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അപേക്ഷിക്കാവുന്നതാണ്.

(1എ) കേന്ദ്ര സർക്കാർ അഥവാ ഏതെങ്കിലും സംസ്ഥാന സർക്കാരിലേയോ ഏതെങ്കിലും പൊതുമേഖല അഥവാ സ്വകാര്യമേഖലാ സ്ഥാപനങ്ങളിലേയോ സേവനത്തിൽനിന്നും റിട്ടയർ ചെയ്തതിനുശേഷം അഭിഭാഷകനായി എൻറോൾ ചെയ്യുന്ന ഒരു വ്യക്തി, അങ്ങനെയുള്ള സർക്കാർ അല്ലെങ്കിൽ പൊതുമേഖല അല്ലെങ്കിൽ സ്വകാര്യമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള വിരമിക്കൽ ആനുകൂല്യങ്ങൾക്ക് അർഹനാണെങ്കിലോ, കൈപ്പറ്റിയിട്ടുള്ള പക്ഷമോ അത്തരം വ്യക്തിയെ ഫണ്ടിലെ അംഗമായി ചേർക്കാൻ പാടില്ലാത്തതാണ്.

(2) (1) -ാം ഉപവകുപ്പിൻകീഴിൽ അപേക്ഷ കിട്ടിയാൽ ട്രസ്റ്റീ കമ്മിറ്റി അതിന് യുക്തമെന്ന് തോന്നുന്ന അന്വേഷണം നടത്തുകയും അപേക്ഷകനെ ഒന്നുകിൽ ഫണ്ടിൽ ചേർക്കുകയോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്:

എന്നാൽ അപേക്ഷകന് പറയാനുള്ളത് കേൾക്കാൻ ഒരവസരം നൽകാതെ അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും പാസ്സാക്കാൻ പാടുള്ളതല്ല.

(3) ഫണ്ടിലെ അംഗത്വത്തിനുവേണ്ടി അപേക്ഷിക്കുന്ന ഒരു അഭിഭാഷകൻ അപേക്ഷയോടൊപ്പം, മുന്നൂറു രൂപ പ്രവേശന ഫീസായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, ട്രസ്റ്റീ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

(4) അപേക്ഷ നിരസിക്കുന്ന സംഗതിയിൽ, അപേക്ഷയോടൊപ്പം വാങ്ങിയ പ്രവേശന ഫീസ് അപേക്ഷകന് തിരിച്ചുകൊടുക്കേണ്ടതാണ്.

(5) ഓരോ അംഗവും ഫണ്ടിലേക്കുള്ള വാർഷിക വരിസംഖ്യ എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനുമുൻപോ താഴെ പറയുന്ന നിരക്കുകളിൽ നൽകേണ്ട താണ്, അതായത് :—

| | | |
|---|---|---|
| (i) | ഒരു അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ച് വർഷത്തിൽ കുറവാണെങ്കിൽ | ഇരുനൂറ് രൂപ |
| (ii) | ഒരു അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ച് വർഷവും അതിലധികമോ എന്നാൽ പത്ത് വർഷത്തിൽ കുറവോ ആണെങ്കിൽ | അഞ്ഞൂറ് രൂപ |
| (iii) | ഒരു അഭിഭാഷകന്റെ ബാറിലെ സേവനകാലം പത്ത് വർഷവും അതിലധികമോ എന്നാൽ പതിനഞ്ച് വർഷത്തിൽ കുറവോ ആണെങ്കിൽ | ആയിരം രൂപ |
| (iv) | ഒരു അഭിഭാഷകന്റെ ബാറിലെ സേവനകാലം പതിനഞ്ച് വർഷവും അതിലധികവും ആണെങ്കിൽ | ആയിരത്തി അഞ്ഞൂറു രൂപ |

എന്നാൽ 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റിൻ (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) കീഴിൽ സീനിയർ അഭിഭാഷകൻ എന്ന പദവി നൽകപ്പെട്ടിട്ടുള്ള ഒരു അഭിഭാഷകൻ വാർഷിക വരിസംഖ്യ മൂവായിരം രൂപ എന്ന നിരക്കിൽ ഫണ്ടിലേക്ക് നൽകേണ്ടതാണ്.

(6) [ വിട്ടുകളഞ്ഞു ]

(7) ഒരു വർഷത്തെ വാർഷിക വരിസംഖ്യ ആ വർഷം ജൂൺ മാസം 30-നോ അതിനു മുൻപോ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന ഒരംഗത്തിന് കുടിശ്ശിക തുക, പ്രസ്തുത തീയതി മുതൽ 6 മാസത്തിനകം ഓരോ മാസത്തേക്ക് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന്, അഞ്ച് രൂപ നിരക്കിൽ പിഴയോടുകൂടി അടയ്ക്കാവുന്നതാണ്.

** ** **

(12) സ്വമേധയാ പ്രാക്ടീസ് നിറുത്തൽ ചെയ്യുകയോ, അഥവാ അതിൽനിന്നും വിരമിക്കുകയോ ചെയ്യുന്ന ഏതൊരു അംഗവും അങ്ങനെ നിർത്തലാക്കുകയോ വിരമിക്കുകയോ ചെയ്ത് പതിനഞ്ച് ദിവസത്തിനകം ആ സംഗതി ട്രസ്റ്റീ കമ്മിറ്റിയെ അറിയിക്കേണ്ടതും തക്കതായ കാരണങ്ങളാലല്ലാതെ ഏതെങ്കിലും അംഗം അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ ആ അംഗത്തിന് കൊടുക്കേണ്ടതായ തുക ട്രസ്റ്റീ കമ്മിറ്റിക്ക് നിർണ്ണയിക്കപ്പെട്ട തത്വങ്ങൾക്കനുസൃതമായി കുറയ്ക്കാവുന്നതുമാകുന്നു.

16. <u>പ്രാക്ടീസ് നിർത്തലാക്കുമ്പോൾ ഫണ്ടിൽനിന്ന് പണം കൊടുക്കൽ.</u>—(1) ഫണ്ടിലെ ഒരംഗത്തിന്, പ്രാക്ടീസ് നിർത്തലാക്കുമ്പോൾ പട്ടികയിൽ പറഞ്ഞിരിക്കുന്ന നിരക്കിലുള്ള ഒരു തുക ഫണ്ടിൽനിന്നും കിട്ടാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ 15-ാം വകുപ്പിലെ (8)-ാം ഉപവകുപ്പിന്റെയോ (8എ) ഉപവകുപ്പിന്റെയോ കീഴിൽ നീക്കം ചെയ്യപ്പെട്ട ഒരംഗത്തിനോ കുറഞ്ഞത് അഞ്ച് വർഷമെങ്കിലും ഫണ്ടിലെ അംഗമായി തുടരാത്ത ഒരംഗത്തിനോ, പ്രാക്ടീസ് നിർത്തലാക്കുമ്പോൾ—

(എ) 1995-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം പ്രാക്ടീസ് കാലയളവിന്റെ പൂർത്തിയാക്കിയ ഓരോ വർഷത്തിനും മൂവായിരത്തി ഒരുനൂറ്റി ഇരുപത്തിയഞ്ച് രൂപാ നിരക്കിൽ കണക്കാക്കിയ തുകയുടെ അൻപതു ശതമാനത്തിനും ;

(ബി) പ്രസ്തുത ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ്, പ്രാക്ടീസ് കാലയളവിന്റെ പൂർത്തിയാക്കിയ ഓരോ വർഷത്തിനും, (1എ) ഉപവകുപ്പിൽപറഞ്ഞ നിരക്കിൽ കണക്കാക്കിയ തുകയുടെ അൻപതു ശതമാനത്തിനും ;

അർഹതയുണ്ടയിരിക്കുന്നതാണ്.

** ** **

(2എ) 2-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സജീവമായി പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്നതിനിടയിലും, അൻപത്തിയഞ്ചു വയസ് തികയുന്നതിനു മുൻപുമായി ഒരംഗത്തിന് മരണം സംഭവിക്കുമ്പോൾ, അയാൾ നാമനിർദ്ദേശം ചെയ്ത ആൾക്കോ അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഇല്ലായെങ്കിൽ അയാളുടെ നിയമാനുസൃതമായ അവകാശികൾക്കോ, അതതു സംഗതിപോലെ, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലുള്ള തുക അല്ലെങ്കിൽ രണ്ടു ലക്ഷം രൂപയുടെ തുക ഇതിൽ ഏതാണോ കൂടുതൽ അത് ഫണ്ടിൽനിന്നും കൈപ്പറ്റുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) [വിട്ടുകളഞ്ഞു]

(4) പണം നൽകുന്ന ആവശ്യത്തിലേക്ക് പ്രാക്ടീസ് ചെയ്ത പൂർണ്ണ വർഷങ്ങൾ കണക്കാക്കുന്നതിന്—

(i) (1)-ാം ഉപവകുപ്പിനു കീഴിൽ, ബാറിൽ പ്രാക്ടീസ് ചെയ്ത ഓരോ രണ്ടു വർഷവും,

** ** **

(5) ഫണ്ടിൽ അയാളെ പ്രവേശിപ്പിച്ച് അഞ്ചു വർഷത്തിനകം മരിക്കുന്ന ഒരു അംഗത്തിന്റെ സംഗതിയിൽ, അതതു സംഗതിപോലെ, അയാളുടെ നോമിനിക്കോ നിമാനുസൃത അവകാശിക്കോ പ്രാക്ടീസ് നടത്തിയ ഒരു വർഷത്തേക്ക് മൂവായിരത്തി ഒരുനൂറ്റി ഇരുപത്തിയഞ്ച് രൂപയോ അല്ലെങ്കിൽ അയ്യായിരം രൂപയോ ഇതിൽ ഏതാണോ കൂടുതൽ ആ നിരക്കിൽ തുക ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(5എ) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഫണ്ടിൽ അംഗമാകുന്നതിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള ഒരാൾ ഫണ്ടിലെ അംഗമായി ചേർക്കുന്നതിന് മുമ്പ് മരണപ്പെട്ടാൽ, അയാൾ മരണപ്പെട്ടില്ലായിരുന്നു എങ്കിൽ ഫണ്ടിൽ അംഗമായി ചേർക്കുന്നതിന് അർഹതയുണ്ടായിരിന്നു എന്നപോലെ, അയാളുടെ നോമിനിക്കോ നിയമാനുസൃത അവകാശിക്കോ, അതതുസംഗതിപോലെ, പ്രക്ടീസ് ചെയ്ത ഓരോ വർഷത്തേക്കും 1981 ഏപ്രിൽ

5-ാം തീയതി ആരംഭിക്കുന്നതും 1989 മേയ് 5-ാം തീയതി അവസാനിക്കുന്ന കാലയളവി ലേക്ക് ആയിരം രൂപ നിരക്കിലും 1989, മേയ് 6-ാം തീയതി മുതൽ 1993-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിന്റെ പ്രാരംഭത്തീയതിക്ക് തൊട്ടുമുൻപുള്ള തീയതി വരെ പ്രാക്ടീസ് ചെയ്ത ഓരോ വർഷത്തിനും രണ്ടായിരം രൂപ എന്ന നിരക്കിലും അതിനു ശേഷം പ്രാക്ടീസ് ചെയ്ത ഓരോ വർഷത്തിനും മൂവായിരത്തി ഒരുനൂറ്റി ഇരുപത്തഞ്ച് രൂപ നിരക്കിലുള്ള തുക കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) ഫണ്ടിൽനിന്നും പണം കിട്ടുന്നതിനുള്ള ഒരു അപേക്ഷ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ട്രസ്റ്റീ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(7) (6)-ാം ഉപവകുപ്പിൻകീഴിൽ കിട്ടിയ ഒരു അപേക്ഷ ആവശ്യമെന്നു കരുതുന്ന അന്വേഷണങ്ങൾക്ക് ശേഷം ട്രസ്റ്റീ കമ്മിറ്റി കൈയൊഴിക്കേണ്ടതാകുന്നു.

** ** **

18. അംഗങ്ങൾക്കുള്ള ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസും മറ്റ് ആനുകൂല്യങ്ങളും.—ഫണ്ടിലെ അംഗങ്ങളുടെ ക്ഷേമത്തിനായി ബാർ കൗൺസിലിന്,—

(എ) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽനിന്നും ഫണ്ടിലെ അംഗങ്ങൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസികൾ എടുക്കുകയും ;

(ബി) ഫണ്ടിലെ അംഗങ്ങൾക്കും അവരുടെ ആശ്രിതർക്കും ചികിൽസയ്ക്കും വിദ്യാഭ്യാസ സൗകര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുകയും ;

(സി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ആനുകൂല്യങ്ങൾക്കും വ്യവസ്ഥ ചെയ്യുകയും ചെയ്യാവുന്നതാണ്.

** ** **

22. ബാർ കൗൺസിൽ സ്റ്റാമ്പുകൾ അച്ചടിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യണമെന്ന്.—(1) ബാർ കൗൺസിൽ അഞ്ച് രൂപയുടെയും പത്ത് രൂപയുടെയും മൂല്യമുള്ള ക്ഷേമനിധി സ്റ്റാമ്പുകൾ ബാർ കൗൺസിൽ മുദ്രയോടും അതിൻമേൽ അതിന്റെ മൂല്യം പതിച്ചുകൊണ്ടും അച്ചടിപ്പിക്കുകയും വിതരണം ചെയ്യിക്കുകയും ചെയ്യേണ്ടതാണ്.

(2) സ്റ്റാമ്പുകൾ, ബാർ കൗൺസിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമുള്ള വലിപ്പത്തിലും നിറത്തിലും ആയിരിക്കേണ്ടതാണ്.

(3) സ്റ്റാമ്പുകൾ ബാർ കൗൺസിലിന്റെ അധീനതയിലായിരിക്കേണ്ടതാണ്.

(4) ബാർ കൗൺസിൽ, ബാർ അസ്സോസിയേഷനുകൾ വഴി സ്റ്റാമ്പിന്റെ വിതരണവും വിൽപ്പനയും നിയന്ത്രിക്കേണ്ടതാണ്.

** ** **

23. വക്കാലത്തിൽ സ്റ്റാമ്പുകൾ ഉണ്ടായിരിക്കണമെന്ന്.—(1) ഫണ്ടിലെ ഒരംഗമായ അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഓരോ വക്കാലത്തിലും അതിൽ ഒട്ടിച്ചിട്ടുള്ള കോർട്ട്ഫീസ് സ്റ്റാമ്പിന് പുറമേ, ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ

സംഗതിയിൽ പതിനഞ്ചു രൂപ മൂല്യമുള്ളതും കീഴ്കോടതികളുടേയോ, ട്രിബ്യൂണലുകളുടേയോ, മറ്റ് അധികാരസ്ഥാനങ്ങളുടേയോ മുൻപാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ പത്ത് രൂപ മൂല്യമുള്ളതുമായ ക്ഷേമനിധി സ്റ്റാമ്പ് ഒട്ടിച്ചിരിക്കേണ്ടതും അപ്രകാരം സ്റ്റാമ്പ് ഒട്ടിച്ചിട്ടില്ലാത്ത യാതൊരു വക്കാലത്തും സാധുവായിരിക്കുന്നതല്ലാത്തതുമാകുന്നു :

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, സർക്കാരിനുവേണ്ടി ഹാജരാകുന്ന ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഏതെങ്കിലും ഹാജരാകൽ മെമ്മോറാണ്ടത്തെ സംബന്ധിച്ച് ബാധകമാകുന്നതല്ല.

വിശദീകരണം:—ഒരു വക്കാലത്തുമൂലം മൂന്നോ അതിലധികമോ അഭിഭാഷകർ കൂട്ടായി ഹാജരാകുകയാണെങ്കിൽ അതിൻമേൽ ഒട്ടിക്കാവുന്ന സ്റ്റാമ്പുകളുടെ ഏറ്റവും കൂടിയ എണ്ണം മൂന്ന് ആയിരിക്കുന്നതാണ്.

(2) സ്റ്റാമ്പിന്റെ മൂല്യം കേസിലെ ചെലവായിരിക്കാൻ പാടില്ലാത്തതും കക്ഷിയിൽനിന്നും ഒരു കാരണവശാലും വാങ്ങിക്കാൻ പാടില്ലാത്തതും ആകുന്നു.

(3) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഏതെങ്കിലും അംഗം ലംഘിച്ചാൽ അത് ഫണ്ടിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അയാളെ അനർഹനാക്കുന്നതും ട്രസ്റ്റീ കമ്മിറ്റി അങ്ങനെയുള്ള സംഭവങ്ങൾ, അനുയോജ്യമായ നടപടിക്ക് ബാർ കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതും ആകുന്നു.

** ** **

** ** **